Mr. J. John Kattakayam: സർ, ഞാൻ ഈ ഡിമാൻഡിനെ അനുകൂലിക്കുന്നു. അക്രമികളായ പലയാളുകളും ഈ ഡിപ്പാർട്ടുമെൻറിലുണ്ട്. അവരിൽ ചിലരെയൊക്കെ ബഹിഷ്ക്കരിക്കുകയും ചിലരെ മാതൃകായോഗ്യമായി ശിക്ഷിക്കുകയും ചിലരുടെ മേൽ നടപടി നടത്തുകയുംചെയ്തു. ഇതിനകത്തുള്ള മാലിന്യങ്ങളെ കളയുവാൻ ഡിപ്പാർട്ടുമെൻറു മേധാവി ബദ്ധശ്രദ്ധനായിരിക്കുകയും, ജാതിനാമാദികളെ ചിന്തിക്കാതെ പ്രവർത്തിക്കയും ചെയ്യുന്നുണ്ടെന്നുള്ളതു് ഇതിനിടെ വിശദമാണ്. ഇന്നത്തെ ധനാഭ്യർത്ഥനയെ സംബന്ധിച്ചു് എനിക്കു ഒരു സംശയമേയുള്ളു. തിരുവിതാംകൂർ നാൾക്കുനാൾ ശ്രേയസ്കരമായിട്ടുവരികയാണു്. അതുകൊണ്ടു് ഇതിനെക്കാൾ വലുതും മഹനീയവുമായ പല സുവർണ്ണാവസരങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുമെന്നു അനുമാനിക്കുന്നതിൽ തെറ്റില്ല. അപ്പോഴെല്ലാം പ്രത്യേകം പ്രത്യേകം ഡിമാൻഡു കൊണ്ടുവരികയെന്നുവച്ചാൽ ഈ സഭ എന്തുചെയ്യും? അതിനാൽ നിവൃത്തിയുള്ളിടത്തോളം ഇങ്ങനെയുള്ള ധനാഭ്യർത്ഥനകൾ കൊണ്ടുവരാതിരിക്കണം. മേലാലെങ്കിലും ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെൻറു മേധാവി ഗൌനിച്ചു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

മഹാത്മജി വന്നയവസരത്തിൽ ഇവിടത്തെ പോലീസ് ലണ്ടൻ പോലീസിനോടു തുല്യമായിരിക്കുന്നു എന്നു പ്രശംസാപരമായി പറഞ്ഞതു് ഡിപ്പാർട്ടുമെൻറിനും ഗവണ്മെൻറിനും അഭിമാനകരംതന്നെ. എന്നിരുന്നാലും എൻറെ മാന്യസ്നേഹിതൻ മി. ജി. നാരായണയ്യൻ പറഞ്ഞതുപോലെ ഉൾനാടുകളിൽ അവർ ഭയങ്കരമായ പ്രവർത്തികൾ ചെയ്തുവരുന്നു എന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. ഉൾനാടുകളിലുള്ള ജനസാമാന്യത്തിനോടും ലണ്ടൻപോലീസ് എന്നവാക്കു നമ്മുടെ പോലീസിനെ സാദൃശ്യപ്പെടുത്തത്തക്കവണ്ണം ഈ ഡിപ്പാർട്ടുമെൻറു മേധാവി ഇവരെ നിയന്ത്രിച്ചുകൊണ്ടിരിക്കണമെന്നു അദ്ദേഹത്തെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു. അക്രമികളെ മാതൃകായോഗ്യമായി ശിക്ഷിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരിക്കണമെന്നു പറഞ്ഞുകൊണ്ടു എൻറെ വാക്കുകളെ ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

GENERAL ADMINISTRATION, EXCLUDING FINANCIAL SECRETARIAT, ACCOUNT OFFICE AND LEGISLATIVE BODIES.

Rao Bahadur Rajyasevanirata Dr. N. Kunjan Pillai: Sir, I beg to move for a grant not exceeding Rs. 2,620 under

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur Rajyasevanirata Dr. N. Kunjan Pillai]

General Administration. This amount is required for paying the staff engaged by the Special Officer appointed for the revision of the State Manual and also for meeting his contingent charges. Honourable members will see from the Budget that there is a provision of Rs. 7,00 in it for the revision of the State Manual. When that provision was made, Government thought that it would suffice for the honorarium to the Special Officer and for the pay of the staff to be appointed under him. Negotiations were carried on for the appointment of a Special Officer, and it was decided that his honorarium should be Rs. 7,000. An additional allotment is therefore required for payment to the staff and for the contingent expenses. The staff that has been appointed consists of a Manager on Rs. 75, 3 clerks on Rs. 25 each, a stenographer on Rs. 30, a typist on Rs. 20 and 5 peons on Rs. 9 each. An Assistant Registrar of Co-operative Societies has also been placed on special duty to help the Special Officer, and permission has been granted to a few officers of the Education and other Departments to assist the Special Officer during holidays for which they are to be given honorarium, *viz.*, Rs. 100 to Mr. T. K. Joseph and Rs. 75 each to four other officers. A sum of Rs. 220 has been included in the demand for the contingencies of the Special Officer. All these items together amount to Rs. 2,620. I may say that the staff has been appointed for four months and provision has been made only for this period. I hope the House will allow the demand.

Mr. J. John Kattakayam: സർ, ഈ ഡിമാൻഡിനെപ്പറ്റി എനിക്കു ചിലതു പറയുവാനുണ്ട്. സ്റ്റോറ് മാന്വൽ എഴുതുന്നതിനു ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കണ്ടാ എന്ന അഭിപ്രായം എനിക്കില്ല എന്നാദ്യമേ പറഞ്ഞുകൊള്ളട്ടെ. സെൻസസ് റിപ്പോർട്ടു പുറത്തുവന്ന അവസരത്തിൽ ഞാനും എന്റെ സമുദായാംഗങ്ങളും അധഃകൃതരെന്ന നിലയിലാണ് അറിയപ്പെട്ടത്. പുലയർ, പറയർ മുതലായ അധഃകൃതർ മതപരിവർത്തനം ചെയ്തവരാണ് ഇവിടത്തെ ക്രസ്ത്യാനികൾ എന്ന് സെൻസസ് റിപ്പോർട്ടിൽ കാണുന്നു. ഞാൻ അധഃകൃതനല്ല. എന്റെ ചരിത്രം നോക്കിയാൽ അങ്ങിനെ കാണാനിടയില്ലെന്നുമാത്രമല്ല ഒരു ആഢ്യബ്രാഹ്മണനാണെന്നു സ്ഥാപിക്കുവാനും സാധിക്കും. എന്നാൽ അന്നു അങ്ങിനെ ഒരു തെറ്റു വരാൻകാരണം ഒരാൾ മാത്രം ഈ റിപ്പോർട്ടു എഴുതിയതുകൊണ്ടാണ്. ഇപ്പോൾ സ്റ്റോറുമാന്വൽ എഴുതുവാനും ഒരു വലിയ സംഖ്യ പ്രതിഫലം കൊടുത്തു ഒരാളിനെമാത്രം വച്ചിരിക്കുന്നു. അതു സ്ഥിതിക്ക് സെൻസസ് റിപ്പോർട്ടിൽ വന്നിട്ടുള്ള അബദ്ധംപോ

LIBRARY ARCHIVES Kerala Legislative Assembly

ലെ ഇതിലും അബദ്ധം വന്നോ ാം എന്നനുമാനിക്കുന്നതിൽ തെറെറാന്നു മില്ല. സെൻസസ് കമ്മിഷണർ നല്ല പടുക്കവും തഴക്കവും സിദ്ധിച്ചിട്ടുള്ള ഒരാളും സജ്ജനസമ്മതനുമാണ്. എന്നിട്ടും തെറു് പററി. അറിഞ്ഞും അറിയാതെയും പ്രമാദങ്ങൾ വരാം. സ്റ്റേറുമാനുവൽ നിരാക്ഷേപമായിരിക്കത്തക്കവിധത്തിൽ എഴുതി തീർക്കേണ്ട ഒന്നാണ്. അങ്ങിനെ ഒരു ഗ്രന്ഥം രചിക്കുന്നതിനു വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിറ്റിയെത്തന്നെ ഏർപ്പെടുത്തണം. മനുഷ്യർക്കു പ്രമാദങ്ങൾ വരികയെന്നുള്ളതു സാധാരണയാണ്. ഗവണ്മെൻറുതന്നെ പല സംഗതികളിലും തെറുകൾ തിരുത്തിയിട്ടുണ്ട്. അതിനാൽ സ്റ്റേറുമാനുവൽപോലെയുള്ള ഒരു പ്രസിദ്ധീകരണത്തിൽ ഭീമമായ പ്രമാദങ്ങൾ വന്നുപോകാതിരിക്കത്തവിധത്തിൽ ഗവണ്മെൻറു ദൃഷ്ടിപതിപ്പിക്കണമെന്നുള്ള എൻെറ അഭിപ്രായത്തെ പ്രകാശിപ്പിച്ചുകൊണ്ടു് വിരമിച്ചുകൊള്ളുന്നു.

The damand was put to vote and carried.

The grant was made.

AYURVEDA.

Rao Bahadur Rajyasevanirata Dr. N. Kunjan Pillai: Sir, I beg to move for a grant not exceeding Rs. 3,200 for the payment of arrears of rent for the Ayurveda College and Pharmacy from Mithunam 1103 to Mithunam 1111. For the above period the rent has not been paid because, though provision was made for the purpuse in the Budgets of those years, the proprietor of the building was a minor and there was nobody to claim the rent. Consequently the provisions made in the Budgets lapsed. Now the proprietor has become a major and he has put in an application for the arrears of rent. The provision contained in the Budget for the current year will only suffice for the payment of rent for this year. Additional amount is therefore required to pay off arrears from Mithunam 1103 to Mithunam 1111.

The demand was put to vote and carried

The grant was made.

PUBLIC HEALTH AND SANITATION.

Mr. James Simpson: Sir, I beg to move for a grant not exceeding Rs. 6,500 for the continuance of the temporary hospitals and dispensaries opened in connection with the outbreak of malaria epidemic in the Neyyattinkara and Nedumangad taluks. As the House is well aware Government had to put up temporary hospitals and dispensaries in the malarial regions. The work has been carried

LIBRARY ARCHIVES Kerala Legislative Assembly